സൂറഃ-8

# അൽ അൻഫാൽ

إِنَّ ٱلَّذِينَ كَفَرُوا۟ يُنفِقُونَ أَمْوَٰلَهُمْ لِيَصُدُّوا۟ عَن سَبِيلِ ٱللَّهِ ۚ فَسَيُنفِقُونَهَا
ثُمَّ تَكُونُ عَلَيْهِمْ حَسْرَةً ثُمَّ يُغْلَبُونَ ۗ وَٱلَّذِينَ كَفَرُوٓا۟ إِلَىٰ
جَهَنَّمَ يُحْشَرُونَ ﴿٣٦﴾
لِيَمِيزَ ٱللَّهُ ٱلْخَبِيثَ مِنَ ٱلطَّيِّبِ وَيَجْعَلَ ٱلْخَبِيثَ بَعْضَهُۥ عَلَىٰ
بَعْضٍ فَيَرْكُمَهُۥ جَمِيعًا فَيَجْعَلَهُۥ فِى جَهَنَّمَ ۚ أُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ
﴿٣٧﴾
قُل لِّلَّذِينَ كَفَرُوٓا۟ إِن يَنتَهُوا۟ يُغْفَرْ لَهُم مَّا قَدْ سَلَفَ وَإِن يَعُودُوا۟
فَقَدْ مَضَتْ سُنَّتُ ٱلْأَوَّلِينَ ﴿٣٨﴾
وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِ ۚ فَإِنِ ٱنتَهَوْا۟
فَإِنَّ ٱللَّهَ بِمَا يَعْمَلُونَ بَصِيرٌ ﴿٣٩﴾

**36.** ധർമധിക്കാരികൾ ദൈവിക മാർഗത്തിൽനിന്ന് ജനത്തെ തടയുന്നതിനുവേണ്ടി പണം ചെലവഴിച്ചു കൊണ്ടിരിക്കുകയാകുന്നു. ഇനിയും അവർ ചെലവഴിച്ചുകൊണ്ടേയിരിക്കും. പിന്നെ അതവർക്കു തന്നെ നെടും ഖേദത്തിന് നിമിത്തമായിത്തീരും. ഒടുവിൽ അവർ പരാജിതരാവുകയും ചെയ്യും. ഈ സത്യനിഷേധികളൊക്കെയും നരകത്തിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതാകുന്നു.
**37.** അല്ലാഹു തിയ്യതിനെ നല്ലതിൽനിന്ന് വേർതിരിക്കാനും തിയ്യതിനെ മേൽക്കുമേൽ അട്ടിയിട്ട് ഒന്നടങ്കം നരകത്തിൽ തള്ളേണ്ടതിന്നുമാണത്. എല്ലാം നഷ്ടപ്പെടുന്നവർ തന്നെയാണിക്കൂട്ടർ.
**38.** (പ്രവാചകൻ) ഈ ധർമധിക്കാരികളോടു പറയുക: ഇനിയെങ്കിലും അവർ വിരമിക്കുകയാണെങ്കിൽ മുമ്പു ചെയ്തുപോയതെല്ലാം പൊറുക്കപ്പെടുന്നതാകുന്നു. പക്ഷേ, അവിവേകം ആവർത്തിക്കുകയാണെങ്കിലോ, പൂർവ സമുദായങ്ങളുടെ ചരിത്രം എല്ലാവർക്കും അറിവുള്ളതാണല്ലോ.
**39.** വിശ്വാസികളേ, പീഢനം അവസാനിക്കുകയും വിധേയത്വം സമ്പൂർണമായും അല്ലാഹുവിനായിത്തീരുകയും ചെയ്യുന്നതുവരെ സത്യവിരോധികളോട് പൊരുതിക്കൊള്ളുക. അവർ അക്രമത്തിൽനിന്നു വിരമിച്ചാൽ പിന്നെ അവരുടെ ചെയ്തികൾ അല്ലാഹു വീക്ഷിച്ചുകൊള്ളും.

إِنَّ ٱلَّذِينَ كَفَرُوا۟ = നിശ്ചയമായും സത്യനിഷേധികൾ, ധർമധിക്കാരികൾ   يُنفِقُونَ = അവർ ചെലവഴിച്ചുകൊണ്ടിരിക്കുന്നു
أَمْوَٰلَهُمْ = അവരുടെ ധനം, പണം   لِيَصُدُّوا۟ = അവർ തടയുന്നതിനുവേണ്ടി   عَن سَبِيلِ ٱللَّهِ = ദൈവമാർഗത്തിൽനിന്ന്
فَسَيُنفِقُونَهَا = (ഇനിയും) അവരതു ചെലവഴിച്ചുകൊണ്ടേയിരിക്കും   ثُمَّ = പിന്നെ   تَكُونُ = അത്(നിമിത്തം) ആയിത്തീരും
عَلَيْهِمْ = അവർക്ക്(തന്നെ)   حَسْرَةً = ദുഃഖം   ثُمَّ = പിന്നെ(ഒടുവിൽ)   يُغْلَبُونَ = അവർ അതിജയിക്കപ്പെടും (പരാജിതരാകും)
وَٱلَّذِينَ كَفَرُوٓا۟ = ഈ സത്യനിഷേധികളായവർ   إِلَىٰ جَهَنَّمَ = നരകത്തി(ൽ)ലേക്ക്   يُحْشَرُونَ = ഒരുമിച്ചുകൂട്ടപ്പെടുന്നതാകുന്നു

| | |
|---|---|
| لِيَمِيزَ ٱللَّـهُ = അല്ലാഹു വേർതിരിക്കുന്നതിന്(ആണത്) ٱلْخَبِيثَ = തിയ്യതിനെ مِنَ ٱلطَّيِّبِ = നല്ലതിൽനിന്ന് | |
| وَيَجْعَلَ ٱلْخَبِيثَ بَعْضَهُۥ عَلَىٰ بَعْضٍ = തിയ്യതിനെ മേൽക്കുമേൽ ആക്കുന്നതിനും | |
| فَيَرْكُمَهُۥ = (അട്ടിയിട്ട്) എന്നിട്ട് അതിനെ അട്ടിയാക്കുന്നതിന് جَمِيعًا = എല്ലാം (ഒന്നടങ്കം) | |
| فَيَجْعَلَهُۥ = (തള്ളുന്നതിന്) എന്നിട്ടതിനെ ആക്കുന്നതിന് فِى جَهَنَّمَ = നരകത്തിൽ أُو۟لَـٰٓئِكَ = ഇക്കൂട്ടർ | |
| هُمُ ٱلْخَـٰسِرُونَ = (എല്ലാം) നഷ്ടപ്പെട്ടവർ തന്നെയാകുന്നു قُل = (പ്രവാചകരേ) പറയുക | |
| لِّلَّذِينَ كَفَرُوٓا۟ = ഈ നിഷേധിച്ചവരോട്, ധിക്കാരികളോട് إِن يَنتَهُوا۟ = (ഇനിയെങ്കിലും) അവർ വിരമിക്കുകയാണെങ്കിൽ | |
| يُغْفَرْ لَهُم = അവർക്ക് പൊറുക്കപ്പെടും مَّا قَدْ سَلَفَ = കഴിഞ്ഞുപോയത് (മുമ്പ് ചെയ്തുപോയതെല്ലാം) | |
| وَإِن يَعُودُوا۟ = അവർ മടങ്ങുകയാണെങ്കിൽ (അവിവേകം ആവർത്തിച്ചാലോ) | |
| فَقَدْ مَضَتْ = (എല്ലാവർക്കും അറിവുള്ളതാണല്ലോ) തീർച്ചയായും കഴിഞ്ഞുപോയിട്ടുണ്ട് سُنَّتُ = ചര്യ, ചരിത്രം | |
| ٱلْأَوَّلِينَ = പൂർവികരുടെ وَقَـٰتِلُوهُمْ = അവരോട് യുദ്ധം ചെയ്യുക, പൊരുതിക്കൊള്ളുക | |
| حَتَّىٰ لَا تَكُونَ = ഉണ്ടാകാതാകുന്നതുവരെ (അവസാനിക്കുന്നതുവരെ) فِتْنَةٌ = കുഴപ്പം, പീഡനം, അക്രമം | |
| وَيَكُونَ = ആയിത്തീരുന്നതുവരെയും ٱلدِّينُ = മതം, വിധേയത്വം كُلُّهُۥ = എല്ലാം, സമ്പൂർണമായി لِلَّهِ = അല്ലാഹുവിന് | |
| فَإِنِ ٱنتَهَوْا۟ = (അക്രമത്തിൽനിന്ന്) അവർ വിരമിച്ചാൽ فَإِنَّ ٱللَّهَ = പിന്നെ തീർച്ചയായും അല്ലാഹു | |
| بِمَا يَعْمَلُونَ = അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് (അവരുടെ ചെയ്തികളെക്കുറിച്ച്) بَصِيرٌ = വീക്ഷിക്കുന്നവനാകുന്നു (വീക്ഷിച്ചുകൊള്ളും) | |

**36:** പ്രവാചകനെയും ശിഷ്യന്മാരെയും ഇസ്‌ലാമിനെയും നശിപ്പിക്കുന്നതിനുവേണ്ടി ഖുറൈശികൾ നിർലോഭം പണം ചെലവഴിച്ചിരുന്നു. അബൂസുഫ്‌യാന്റെ സന്ദേശം കിട്ടിയപ്പോൾ വളരെപ്പെട്ടെന്ന് ബദ്ർ പടക്കുവേണ്ടി വിപുലമായ സൈനിക സജ്ജീകരണം നടത്താൻ അവർക്കു കഴിഞ്ഞത് അതുകൊണ്ടാണ്. ബദ്ർ യുദ്ധത്തിനുശേഷവും സൈനികാവശ്യത്തിനുള്ള ധനശേഖരണം തുടർന്നു. ബദ്‌റിലെ പരാജയത്തിനു പകരംവീട്ടാൻ പടയൊരുക്കുന്നതിനുവേണ്ടി അബൂസുഫ്‌യാൻ തന്റെ വ്യാപാര പങ്കാളികളുടെ പങ്കുകൾ യുദ്ധഫണ്ടിലേക്കു സംഭാവന നൽകാൻ ആവശ്യപ്പെടുകയും അവർ മടികൂടാതെ അതനുസരിക്കുകയും ചെയ്തു. അബൂജഹ്‌ലിന്റെ പുത്രൻ ഇക്‌രിമയും ഉമയ്യയുടെ പുത്രൻ സ്വഫ്‌വാനും പണപ്പിരിവിനു മുൻപന്തിയിലുണ്ടായിരുന്നു. ഇങ്ങനെ ശേഖരിച്ച ഫണ്ടുപയോഗിച്ച് അബൂസുഫ്‌യാൻ ഉഹുദു യുദ്ധത്തിലെ ഖുറൈശി സൈനികർക്ക് നാൽപത് ഊഖിയ(സ്വർണനാണയം) വീതം നൽകിയതായും കിനാന ഗോത്രക്കാരിൽനിന്ന് 2000 നീഗ്രോകളെ വാടകക്കെടുത്തതായും സഈദുബ്‌നു ജുബൈർ പ്രസ്താവിച്ചതായി ഇബ്‌നു ജരീറും ഇബ്‌നു അസാക്കിറും ഉദ്ധരിച്ചിട്ടുണ്ട്. ഈ പശ്ചാത്തലം സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുകയാണ്:

ധർമധിക്കാരികൾ സത്യത്തിൽനിന്നും ധർമത്തിൽനിന്നും ജനങ്ങളെ തടയാനും അസത്യത്തിന്റെയും അധർമത്തിന്റെയും വ്യവസ്ഥിതി നിലനിർത്താനും നിർലോഭം പണം ചെലവഴിച്ചുകൊണ്ടിരിക്കുന്നുണ്ട്. വരും കാലങ്ങളിലും അതു തുടർന്നുകൊണ്ടിരിക്കും. സത്യാസത്യ സംഘർഷത്തിന്റെ സ്ഥിരം സ്വഭാവമാണത്. നിങ്ങളതിൽ അത്ഭുതപ്പെടേണ്ട. അതുപോലെ ധനം സംഭരിക്കാനും സജ്ജീകരണങ്ങളേർപ്പെടുത്താനും സാധിക്കുന്നില്ലല്ലോ എന്നു ദുഃഖിക്കുകയും വേണ്ട. ആയുധ ബലത്തെയും അർഥ ബലത്തെയും മാത്രം ആശ്രയിച്ചല്ല സത്യത്തിന്റെ വിജയം. അത് വിശ്വാസികളുടെ വിശ്വാസദാർഢ്യത്തെയും ആത്മാർഥതയെയും അല്ലാഹുവിന്റെ അനുഗ്രഹത്തെയും ആശ്രയിച്ചാണ്. നിഷ്‌കളങ്കമായ വിശ്വാസവും ത്യാഗസന്നദ്ധതയുമുണ്ടെങ്കിൽ നിങ്ങളുടെ ധർമ സമരത്തെ അല്ലാഹു പിന്തുണക്കും. അല്ലാഹുവിന്റെ പിന്തുണയുണ്ടെങ്കിൽ പിന്നെ ആർക്കും നിങ്ങളെ ജയിക്കാനാവില്ല.

അഭിമാനകരമായ വിജയങ്ങളും സന്തോഷവും നേട്ടങ്ങളും പ്രതീക്ഷിച്ചുകൊണ്ടാണ് ധർമ വിരുദ്ധർ ഇങ്ങനെ നിർലോഭം പണം പൊടിക്കുന്നത്. പക്ഷേ, അവരുടെ ആ പ്രതീക്ഷകളൊന്നും പുലരാൻ പോകുന്നില്ല. ഈ ചെലവഴിക്കുന്നതെല്ലാം പിന്നീടവർക്ക് ദുഃഖഹേതുക്കളായി മാറും. ലാഭം പോയിട്ട് മൂലധനം പോലും അവർക്ക് തിരിച്ച് കിട്ടാൻ പോകുന്നില്ല. സ്വന്തം ദൗർഭാഗ്യം വിലകൊടുത്തുവാങ്ങുകയാണവർ. സത്യത്തോട് ആരു പോരാട്ടത്തിനിറങ്ങിയാലും അന്തിമ വിജയം സത്യത്തിനു തന്നെയായിരിക്കും. അതിനാൽ ഒടുവിൽ ഇക്കൂട്ടരുടെ പരാജയം സുനിശ്ചിതമാണ്. സത്യത്തോടും ധർമത്തോടും പടവെട്ടുന്ന ഈ നിഷേധികളെല്ലാം നരകത്തിൽ ചെന്നു ചേരാനുള്ളവരാണ്.

**37:** സത്യവിരോധികൾ ഒടുവിൽ പരാജയപ്പെടുകയും നരകത്തിൽ ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ അലംഘനീയമായ നടപടിക്രമമാണ്. സത്യവും അസത്യവും, സജ്ജനവും ദുർജനവും ഒടുവിൽ വേർതിരിക്കപ്പെടുന്നില്ലെങ്കിൽ, രണ്ടിന്റെയും അന്തിമ പരിണതി ഒന്നുതന്നെയാണെങ്കിൽ, സത്യവും അസത്യവും തമ്മിൽ യഥാർഥത്തിൽ ഭേദമില്ലെന്നും സജ്ജനവും ദുർജനവും തുല്യരാണെന്നുമാണതിനർഥം. സത്യാസത്യങ്ങൾ വിരുദ്ധമാകുന്നത് അതിന്റെ ഫലങ്ങൾ തമ്മിലുള്ള വ്യത്യാസം കൊണ്ടാണ്. നന്മ തിന്മകൾ യഥാർഥ രൂപത്തിൽ വേർതിരിച്ചു കാണിക്കപ്പെടുന്ന ഒരു സന്ദർഭമുണ്ട്. അതാണ് അന്തിമമായ വിജയ-പരാജയങ്ങളുടെ സന്ദർഭം. خبيث-എന്ന പദത്തിന് തിയ്യത് എന്നും വൃത്തികെട്ടവൻ എന്നും അർഥമുണ്ട്. ചീത്ത പദാർഥങ്ങളെയും വ്യക്തികളെയും ചീത്ത സ്വഭാവ ശീലങ്ങളെയും ആശയങ്ങളെയും സൂചിപ്പിക്കാനും خبيث-ഉപയോഗിക്കും. നല്ല വസ്തു, നല്ല മനുഷ്യൻ, നല്ല ശീലം, നല്ല സ്വഭാവം എന്ന് طيب-നും അർഥമുണ്ട്. രണ്ടു പദങ്ങളു

ടെയും എല്ലാ അർഥങ്ങളും ഈ സന്ദർഭത്തിൽ പ്രസക്തമാകുന്നു.

ഈ ലോകത്ത് സത്യധർമാദികളോട് ശത്രുത പുലർത്തുന്ന പലതരക്കാർ ഒന്നിച്ചുചേരുകയും പരസ്പരം സഹായിക്കുകയും ചെയ്യുന്നുണ്ടല്ലോ. അതുപോലെ പരലോകത്തും അല്ലാഹു ദുഷ്ടന്മാരെയും അവരുടെ ദൗഷ്ട്യങ്ങളെയും ഒരുമിച്ചൊന്നായി കുന്നുകൂട്ടും. എന്നിട്ട് ഒന്നടങ്കം നരകത്തിൽ തള്ളും. അതാണ് ആത്യന്തിക നഷ്ടം. ആ നഷ്ടത്തിൽനിന്ന് കരകേറാൻ ആർക്കും അവസരം ലഭിക്കില്ല. സത്യനിഷേധികൾ നരകത്തിന്റെ വിറകാണെന്ന് ഖുർആൻ മറ്റു സ്ഥലങ്ങളിൽ സൂചിപ്പിക്കുന്നുണ്ടല്ലോ. അതിനെ അനുസ്മരിപ്പിക്കുന്നതാണ് وَيَجْعَلَ الْخَبِيثَ .............. فَيَجْعَلَهُ فِي جَهَنَّمَ എന്ന വാക്യം. വിറക് ഒറ്റക്കെട്ടാക്കി തീകുണ്ഡത്തിലെറിഞ്ഞു കത്തിക്കുമ്പോൾ ചൂടു കൂടുന്നു. ഈ ലോകത്ത് ദുഷ്ടന്മാർ പരസ്പരം സഹായിച്ചിരുന്നതുപോലെ, ഓരോ കമ്പും മറ്റേ കമ്പിനെ കത്തിക്കാളാൻ സഹായിക്കുകയും ചെയ്യുന്നു. സത്യത്തിനെതിരിൽ ദേഹം കൊണ്ടും ധനംകൊണ്ടും പരസ്പരം സഹകരിച്ചതും സഹായിച്ചതും യഥാർഥത്തിൽ സ്വയം ദഹിപ്പിക്കാനുള്ള സഖ്യവും സഹകരണവുമായിരുന്നുവെന്നും തങ്ങളുടെ ഭൗതിക ജീവിതം സമ്പൂർണമായ കഷ്ടത്തിലും നഷ്ടത്തിലും കലാശിച്ചിരിക്കുന്നുവെന്നും അപ്പോൾ അവർ തിരിച്ചറിയുന്നു. അതാണ് ഒരിക്കലും തീരാത്ത നെടുംഖേദം.

**38:** ബദ്റിൽനിന്ന് തോറ്റു തിരിക്കുന്ന ഖുറൈശികളെ പശ്ചാത്തലമാക്കി, എക്കാലത്തും സത്യത്തിനും ധർമത്തിനുമെതിരെ പോരാടുന്നവർക്ക് മഹത്തായ ഒരു സന്ദേശം നൽകിയിരിക്കുകയാണിവിടെ. സത്യത്തിനെതിരെ പടനയിക്കുന്നവർ ബദ്റിൽ ഖുറൈശികൾക്കുണ്ടായ അനുഭവം മുൻനിർത്തി ആ പടയിൽ നിന്നുപിന്മാറുകയും സത്യത്തിന്റെയും ധർമത്തിന്റെയും പക്ഷത്തു ചേരുകയും വേണം. എങ്കിൽ നേരത്തേ അവർ ചെയ്ത ദൈവനിന്ദയും വിഗ്രഹാരാധനയും പാപങ്ങളുമെല്ലാം പൊറുക്കപ്പെടുന്നതാണ്. അവർ പ്രവാചകനെ ദ്രോഹിച്ചിട്ടുണ്ടാവാം. വിശ്വാസികളെ കഠിനമായി പീഡിപ്പിച്ചിട്ടുണ്ടാവാം, ഭക്തന്മാർക്ക് മസ്ജിദുൽ ഹറാം വിലക്കിയിട്ടുണ്ടാവാം, അവർക്ക് സാമ്പത്തിക നഷ്ടങ്ങൾ വരുത്തിയിട്ടുണ്ടാവാം. അതൊന്നും പരിഗണിക്കപ്പെടുന്നതല്ല. ഇസ്‌ലാമിലേക്കുള്ള മാനസാന്തരം അവർക്കൊരു രണ്ടാം ജന്മമായിരിക്കും. അല്ലാഹുവിങ്കൽ അവരുടെ പൂർവ ജന്മവും അതിലെ കർമങ്ങളുമെല്ലാം മായ്ക്കപ്പെടുന്നു. ഈ സൂക്തത്തെ ആധാരമാക്കി മാലിക്കുബ്നു അനസ്(റ) പ്രസ്താവിച്ചതായി ഇബ്നു അബീഹാതിം ഉദ്ധരിക്കുന്നു: 'കാഫിർ ഇസ്‌ലാം സ്വീകരിച്ചാൽ, അയാൾ കാഫിറായിരുന്നപ്പോൾ ചെയ്ത യാതൊരു കർമത്തിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നതല്ല.' അംറുബ്നുൽ ആസ് പ്രസ്താവിച്ചതായി മുസ്‌ലിം ഉദ്ധരിക്കുന്നു: 'അല്ലാഹു എന്റെ ഹൃദയത്തിൽ ഇസ്‌ലാം ഉറപ്പിച്ചപ്പോൾ ഞാൻ പ്രവാചകനെ സന്ദർശിച്ചിട്ടുപറഞ്ഞു: അങ്ങ് കൈ നീട്ടിയാലും. ഞാൻ ബൈഅത്ത് (വിശ്വാസ പ്രതിജ്ഞ) ചെയ്യട്ടെ. തിരുമേനി കൈ നീട്ടിയപ്പോൾ ഞാൻ കൈ പിൻവലിച്ചു. അദ്ദേഹം ചോദിച്ചു: എന്തുപറ്റി?! ഞാൻ പറഞ്ഞു: ഞാനൊരു ഉപാധി വയ്ക്കാനാഗ്രഹിക്കുന്നു. തിരുമേനി: നിങ്ങളുടെ ഉപാധി പറയൂ.' ഞാൻ: 'എന്റെ പാപങ്ങളെല്ലാം പൊറുത്തുകിട്ടണം.' തിരുമേനി: 'നിങ്ങൾക്കറിയില്ലേ, ഇസ്‌ലാമും ഹിജ്റയും ഹജ്ജും അവക്കു മുമ്പുള്ളതെല്ലാം ദുർബലപ്പെടുത്തുമെന്ന്?' പ്രവാചകൻ പ്രസ്താവിച്ചതായി ഇബ്നു മസ്ഊദ് നിവേദനം ചെയ്യുന്നു: ഒരാൾ മുസ്‌ലിമായശേഷം നന്മയിൽ ജീവിച്ചാൽ അയാളുടെ ജാഹിലിയ്യാ കാലത്തെ ചെയ്തികൾക്കൊന്നും ശിക്ഷയില്ല. എന്നാൽ മുസ്‌ലിമായശേഷം പാപങ്ങളിൽ ജീവിച്ചാൽ പിന്നത്തെയും മുമ്പത്തെയും ചെയ്തികൾക്ക് ശിക്ഷിക്കപ്പെടുന്നതാണ്.' മറ്റൊരു നിവേദനം: 'ഇസ്‌ലാം അതിനു മുമ്പുള്ളതൊക്കെയും ഛേദിച്ചുകളയുന്നു. തൗബ അതിനു മുമ്പുള്ളതും.'

ഇവ്വിഷയകമായി കർമശാസ്ത്ര പണ്ഡിതന്മാർ പറയുന്നു: ഹർബിയായ കാഫിർ (ഇസ്‌ലാമിനോട് യുദ്ധത്തിലേർപ്പെട്ട അവിശ്വാസി) ചെയ്ത യാതൊരു സംഗതിയും അയാൾ ഇസ്‌ലാമായാൽ പരിഗണിക്കപ്പെടുന്നതല്ല. എത്രത്തോളമെന്നാൽ അക്കാലത്ത് അയാൾ ചെയ്ത ശപഥം പോലും. അത്തരം അവിശ്വാസി വിശ്വാസിയായാൽ അയാളുടെ പേരിലുണ്ടായിരുന്ന മോഷണം, വ്യഭിചാരം പോലുള്ള കുറ്റങ്ങൾ വരെ ദുർബലപ്പെടുത്തപ്പെടുന്നതാണ്. എന്നാൽ മുസ്‌ലിംകളുമായി സംരക്ഷണത്തിന്റെയും സമാധാനത്തിന്റെയും കരാറിലേർപ്പെട്ട അവിശ്വാസികളിൽ ക്രിമിനൽ കുറ്റങ്ങളിൽ പ്രതിയായവർ ഇസ്‌ലാം സ്വീകരിച്ചാലും ശിക്ഷിക്കപ്പെടുന്നതാണ്. കാരണം അത് അവിശ്വാസിയും മുസ്‌ലിംകളും തമ്മിലുള്ള കരാറിന്റെ ലംഘനമാകുന്നു. മതപരിത്യാഗി വീണ്ടും ഇസ്‌ലാമിലേക്കു മടങ്ങിയാൽ പരിത്യാഗ കാലത്ത് ഉപേക്ഷിച്ച നമസ്കാരം വ്രതാനുഷ്ഠാനം ആദിയായ ആരാധനാ കർമങ്ങൾ നിർവഹിച്ചു വീട്ടുകയും അക്കാലത്ത് മറ്റുള്ളവർക്ക് കൊടുക്കാനുള്ള അവകാശങ്ങൾ കൊടുക്കുകയും കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെടുകയും വേണമെന്നാണ് ഇമാം ശാഫിഈയുടെ നിലപാട്. ആരാധനകളും അന്യരുടെ അവകാശ ലംഘനമല്ലാത്ത കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയും ദുർബലപ്പെടുമെന്നും പ്രതിക്രിയ, കടമിടപാട് പോലുള്ള ബാധ്യതകൾ നിലനിൽക്കുമെന്നുമാണ് ഇമാം അബൂഹനീഫയുടെ വീക്ഷണം.

അക്രമത്തിൽനിന്ന് വിരമിക്കുകയാണെങ്കിൽ കഴിഞ്ഞതെല്ലാം മറക്കുകയും പൊറുക്കുകയും ചെയ്യാമെന്ന ഈ വാഗ്ദാനം സ്വീകരിക്കാൻ കൂട്ടാക്കാതെ ഇനിയും ഇസ്‌ലാമിന്നും പ്രവാചകനുമെതിരിൽ യുദ്ധം ചെയ്യാനാണ് ഭാവമെങ്കിൽ അതേ നിലപാടു സ്വീകരിച്ച പൂർവ സമുദായങ്ങളുടെ ചരിത്രംതന്നെയാണ് അവരെ കാത്തിരിക്കുന്നത്. അധർമികളും ധിക്കാരികളുമായി വർത്തിക്കുകയും തങ്ങളിലേക്കാഗതരായ പ്രവാചകന്മാരെ തള്ളിപ്പറയുകയും ഹിംസിക്കാനൊരുമ്പെടുകയും ചെയ്ത ആദ്-ഥമൂദ് വർഗങ്ങളുടെയും ലൂത്ത് നബിയുടെ ജനത്തിന്റെയുമൊക്കെ ചരിത്രങ്ങൾ എല്ലാവർക്കും അറിവുള്ളതാണല്ലോ. അവരൊക്കെയും തുടച്ചു നീക്കപ്പെട്ടതുപോലെ ഖുറൈശികളും തുടച്ചു നീക്കപ്പെടും.

ബദ്റിനു ശേഷം ഖുറൈശികൾ ഇസ്‌ലാമിനോടുള്ള ശത്രുതയും ആക്രമണവും കൈവെടിഞ്ഞില്ലെങ്കിലും അല്ലാഹു അവരെ പരാജയങ്ങൾ രുചിപ്പിക്കുകയല്ലാതെ പൂർണമായി നശിപ്പിക്കുകയുണ്ടായില്ല. ഓരോ ആക്രമണത്തിനു ശേഷവും അവരിൽ കുറേപേരിൽ വീണ്ടുവിചാരവും സത്യബോധവും ഉണർന്നുകൊണ്ടിരുന്നു എന്നതിനാലാണത്. മക്കയിൽ രഹസ്യമായി ഇസ്‌ലാമിനോട് അനുഭാവം പുലർത്തുന്നവർ വർധിക്കുകയും ചിലർ ഒളിഞ്ഞും മറഞ്ഞും മദീനയിലേക്കു പലായനം ചെയ്യുകയും ചെയ്തു. ഒടുവിൽ മക്കാ വിമോചനത്തോടുകൂടി മുഴവൻ ഖുറൈശികളും ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു.

**39:** സൂറഃ *അൽ ബഖറ* 193-ാം സൂക്തം അൽപം വ്യത്യാസത്തോടെ ആവർത്തിച്ചതാണ് ഈ സൂക്തം:

وَقَـٰتِلُـوهُمۡ حَـتَّىٰ لَا تَكُـونَ فِتۡنَـةٞ وَيَكُـونَ ٱلـدِّينُ لِلَّـهِۖ فَإِنِ ٱنتَهَوۡاْ فَلَا عُـدۡوَٰنَ إِلَّا عَلَـى ٱلظَّـٰلِمِيـنَ ١٩٣

എന്നാണ് *അൽ ബഖറ* 193-ാം സൂക്തം. ഇതിൽ ദീൻ സമ്പൂർണമായി - ٱلـدِّينُ كُلُّـهُۥ -എന്നും സൂക്താന്ത്യത്തിൽ فَإِنَّ ٱللَّهَ بِمَا يَعۡمَلُونَ بَصِيرٞ എന്നതിനു പകരം فَلَا عُدۡوَٰنَ إِلَّا عَلَى ٱلظَّـٰلِمِينَ എന്നും പറയുന്നതാണ് വ്യത്യാസം. സൂക്തത്തിന്റെ ആശയതാൽപര്യങ്ങളിൽ ഈ വ്യത്യാസം കാര്യമായ അന്തരമുണ്ടാക്കുന്നില്ല. فِتۡنَـةٞ -യുടെയും ٱلدِّينُ -ന്റെയും അർഥവും സൂക്തത്തിന്റെ ആശയവും *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ ചുരുക്കമിതാണ്: വിശ്വാസം കൈക്കൊള്ളാനും അതനുസരിച്ച് ജീവിക്കാനുമുള്ള അവകാശത്തിന് അഥവാ മതസ്വാതന്ത്ര്യത്തിനുവേണ്ടി സത്യവിരോധികളായ ഫാഷിസ്റ്റുകളോടു വിശ്വാസികൾ യുദ്ധം ചെയ്യേണ്ടതുണ്ട്. അങ്ങനെ പീഡനം അവസാനിച്ചാൽ പിന്നെ വിശ്വാസികളുടെ ഭാഗത്തുനിന്ന് അക്രമങ്ങളുണ്ടാവാൻ പാടില്ല. വിശ്വാസികൾക്ക് മതസ്വാതന്ത്ര്യവും മൗലികാവകാശങ്ങളും സ്ഥാപിച്ചു കിട്ടിയാൽ അവർ യുദ്ധനടപടികളിൽനിന്ന് പിന്മാറണം.

സൂറ *അൽ ബഖറ* 193-ാം സൂക്തത്തിന് മുമ്പാണ് പ്രകൃത സൂക്തം അവതരിച്ചത്. ഇതിൽ ٱلدِّينُ كُلُّـهُۥ (ദീൻ സമ്പൂർണമായി) എന്നു വന്നിട്ടുള്ളതുകൊണ്ട് *അൽ ബഖറ* 193-ാം സൂക്തത്തിൽ പറഞ്ഞ ٱلدِّينُ -ന്റെയും വിവക്ഷ ദീൻ സമ്പൂർണമായി, വിധേയത്വം സമ്പൂർണമായി എന്നാണെന്ന് സിദ്ധിക്കുന്നു. അതായത് ഭാഗികമായ മതസ്വാതന്ത്ര്യം കൊണ്ടും മൗലികാവകാശങ്ങൾകൊണ്ടും സത്യവിശ്വാസി തൃപ്തിപ്പെട്ടുകൂടാ. എന്നാൽ ബഹുസ്വര സമൂഹത്തിൽ മുസ്‌ലിംകൾക്കുണ്ടാകുന്ന അനിവാര്യമായ പരിമിതികളെക്കുറിച്ചല്ല ഇവിടെ സംസാരിക്കുന്നത്. അത് പൊതുവായ ഐക്യവും സമാധാനവും സംരക്ഷിക്കാനാവശ്യമായ വിട്ടുവീഴ്ചകളും നീക്കുപോക്കുകളുമാണ്. സ്വന്തം അവകാശ സ്വാതന്ത്ര്യങ്ങളെ ബാധിക്കുന്നില്ലെങ്കിലും തങ്ങൾ വിശ്വസിക്കുന്നതും ആചരിക്കാത്തതുമായ യാതൊന്നും മറ്റുള്ളവർ വിശ്വസിക്കുകയോ ആചരിക്കുകയോ ചെയ്തുകൂടാ, എല്ലാവരും തങ്ങളുടെ വിശ്വാസാചാരങ്ങൾ തന്നെ പിന്തുടരണം, അതിൽനിന്ന് ഭിന്നമായ എന്തിനെയും തങ്ങൾ ബലം പ്രയോഗിച്ചു തടയും എന്നനിലപാടാണ് فِتۡنَـةٞ യും ഫാഷിസ്റ്റ് പീഡനവും ആയിത്തീരുന്നത്. ഈ നിലപാടിനോടാണ് ഖുർആൻ പൊരുതാൻ കൽപിക്കുന്നത്.

അവരോട് യുദ്ധം ചെയ്യുക وَقَـٰتِلُـوهُمۡ - എന്നതിലെ അവർ ആരാണെന്ന് حَـتَّىٰ لَا تَكُـونَ فِتۡنَـةٞ (പീഡനം അവസാനിക്കുന്നതുവരെ) എന്ന വാക്യത്തിൽനിന്നു വ്യക്തമാണ്. ഇസ്‌ലാമിനോടും മുസ്‌ലിംകളോടും ശത്രുത പുലർത്തുകയും അവരെ അക്രമിക്കുകയും ചെയ്യുന്നവർ. ‘ഫിത്ന’ അവസാനിക്കുന്നതിന്റെ ഫലമാണ് വിശ്വാസികൾക്ക് അവരുടെ വിധേയത്വം സമ്പൂർണമായി അല്ലാഹുവിന് സമർപ്പിക്കാൻ സാധ്യമാവുക. മറ്റുവിധത്തിൽ പറഞ്ഞാൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ പൂർണമായി പിന്തുടർന്നുകൊണ്ട് സമാധാനത്തോടെ ജീവിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുക. ഇതനുസരിച്ച് തുടർന്ന് فَإِنِ ٱنتَهَوۡاْ (അവർ വിരമിക്കുന്നുവെങ്കിൽ) എന്നു പറഞ്ഞതിനർഥം ശത്രുക്കൾ അവരുടെ അക്രമ മർദനങ്ങളിൽനിന്നു വിരമിക്കുന്നുവെങ്കിൽ എന്നാണെന്നും സ്പഷ്ടമാകുന്നു. അക്രമവും പീഡനവും അവസാനിച്ചാൽ വിശ്വാസികൾ യുദ്ധ നടപടിയും അവസാനിപ്പിക്കണം. അവരുടെ ഉള്ളിൽ ശത്രുതയും വിദ്വേഷവും നിലനിൽക്കുന്നു എന്നു കരുതിയോ ഭാവിയിൽ വീണ്ടും ആക്രമണം നടത്തിയേക്കുമെന്ന് ഭയന്നോ യുദ്ധം തുടർന്നുകൂടാ. അവരുടെ മനസ്സിലെന്താണെന്നും എന്താണവർ പ്രവർത്തിക്കാൻ പോകുന്നതെന്നും അല്ലാഹുവിന്ന് നന്നായറിയാം. അവൻ തന്നെ അതിന്റെ ഫലം അവർക്ക് നൽകിക്കൊള്ളും. *അൽ ബഖറ* 193-ാം സൂക്തത്തിൽ ഈ ആശയം അവതരിപ്പിച്ചിട്ടുള്ളത് فَلَا عُدۡوَٰنَ إِلَّا عَلَى ٱلظَّـٰلِمِينَ (അക്രമികൾക്കെതിരെയല്ലാതെ കൈയേറ്റമരുത്) എന്നാണ്.

ചിലയാളുകൾ ഈ സൂക്തത്തിലെ فِتۡنَـةٞ -ക്ക് ശിർക്ക് - ബഹുദൈവത്വം- എന്നും وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّـهِ -എന്നതിന് അല്ലാഹുവിന്റെ ദീൻ പൂർണമായി അംഗീകരിക്കുക എന്നും അർഥം കൽപിച്ചിട്ടുണ്ട്. അതായത്, ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും തുടച്ചു നീക്കപ്പെടുകയും ലോകത്ത് ദൈവിക ദീൻ പൂർണമായി നടപ്പിലാക്കപ്പെടുകയും ചെയ്യുന്നതുവരെ വിശ്വാസികൾ അവിശ്വാസികളുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കണം. ഈ ആശയം പക്ഷേ, സൂറഃ *അൽ ബഖറ*യിലെ 256-ാം സൂക്തത്തിനു വിരുദ്ധമാണ്. അതിൽ പറയുന്നു: لَآ إِكۡرَاهَ فِى ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّ (മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് തികച്ചും വെളിവായിക്കഴിഞ്ഞിരിക്കുന്നു). ബലാൽക്കാരത്തിലൂടെ സ്വീകരിപ്പിക്കേണ്ടതല്ല ദൈവികമതം. ആളുകളെ ഭീഷണിപ്പെടുത്തി വിശ്വാസികളാക്കുന്നത് അനുവദനീയവുമല്ല. പ്രവാചകചര്യയിലൂടെയും വേദപ്രമാണങ്ങളിലൂടെയും സത്യാസത്യങ്ങൾ സാമാന്യ മനുഷ്യർക്ക് സുഗ്രാഹ്യമാംവണ്ണം വേർതിരിഞ്ഞു വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു. وَقُلِ ٱلۡحَقُّ مِن رَّبِّكُمۡۖ فَمَن شَآءَ فَلۡيُؤۡمِن وَمَن شَآءَ فَلۡيَكۡفُرۡۚ (ഇതു വിധാതാവിങ്കൽ നിന്നുള്ള സത്യമാകുന്നു എന്ന് ജനങ്ങളെ ഉദ്ബോധിപ്പിക്കുക മാത്രമാണ് പ്രബോധകന്റെ ചുമതല. ഇഷ്ടമുള്ളവർ അതു സ്വീകരിച്ചുകൊള്ളട്ടെ. അല്ലാത്തവർ നിഷേധിച്ചുകൊള്ളട്ടെ). ഈ സൂക്തത്തിന്റെ താൽപര്യം ആളുകൾ മതം സ്വീകരിക്കുന്നതുവരെ യുദ്ധം ചെയ്യുക എന്നായിരുന്നുവെങ്കിൽ ഇതവതരിച്ച ശേഷം നബി(സ) മദീനയുടെ പരിസരത്തുണ്ടായിരുന്ന മുശ്‌രിക് ഗോത്രങ്ങളുമായുണ്ടാക്കിയ സമാധാനസഖ്യങ്ങൾ നിലനിൽക്കുമായിരുന്നില്ല. പിന്നീടുണ്ടായ ഹുദൈബിയാ സന്ധി പോലുള്ള കരാറുകളും ഉണ്ടാകുമായിരുന്നില്ല.

മക്കയിൽനിന്നും പരിസരത്തുനിന്നും വിഗ്രഹാരാധന തുടച്ചു നീക്കപ്പെടുകയും ആ പ്രദേശം പൂർണമായി ഇസ്‌ലാമിനു കീഴിൽ വരികയും ചെയ്യുന്നതുവരെ യുദ്ധം തുടരണം എന്നാണർഥമെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇമാം ബൈഹഖി സുഹ്‌രിയിൽനിന്നുദ്ധരിക്കുന്ന **لا يجتمع دينان فى جزيرة العرب** (അറേബ്യൻ ഉപദ്വീപിൽ രണ്ടു മതങ്ങൾ സമ്മേളിക്കുകയില്ല) എന്ന നിവേദനം അതിനു തെളിവായി ഉദ്ധരിക്കപ്പെടുന്നുമുണ്ട്. ഇമാം റാസി ഈ സൂക്തം വിശദീകരിച്ചുകൊണ്ടു പറയുന്നു: ഈ കൽപനയെ എല്ലാ നാടുകൾക്കും ബാധകമാക്കാൻ പറ്റില്ല. കാരണം അതായിരുന്നു ഉദ്ദേശ്യമെങ്കിൽ അല്ലാഹു കൽപിച്ച യുദ്ധം മൂലം എവിടെയും കുഫ്ർ അവശേഷിക്കുമായിരുന്നില്ല.’

ഇമാം സുഹ്‌രിയിൽനിന്നുള്ള നിവേദനം പ്രവാചക വചനമാണെങ്കിൽ, ഭാവിയെ സംബന്ധിച്ച ഒരു പ്രവചനമാണത്. അതു പുലരുകയും ചെയ്തിട്ടുണ്ട്. പ്രകൃത സൂക്തവും ആ പ്രവചനവും തമ്മിൽ ബന്ധിപ്പിക്കേണ്ട കാര്യമില്ല. മതസ്വാതന്ത്ര്യത്തിനും മൗലികാവകാശങ്ങൾക്കും വേണ്ടിയാണ് ഈ സൂക്തം വിശ്വാസികളോട് സായുധ സമരത്തിലേർപ്പെടാൻ കൽപിക്കുന്നത് എന്ന വ്യാഖ്യാനമാണ് പ്രഗത്ഭരായ മുഫസ്സിറുകളിൽ മിക്കവരും സ്വീകരിച്ചിട്ടുള്ളത്. ■